# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.955. 10.02.2016 -ൽ മറുപടിയ്ക്ക്.

## ഗവ. ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണം

ചോദ്യം
ശ്രീ.മോൻസ് ജോസഫ്

ഉത്തരം
ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.)

| ചോദ്യം | ഉത്തരം |
| --- | --- |
| എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മധുരവേലിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ഗവ.ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് ഗവൺമെന്റിലേക്ക് അയക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) മധുരവേലി ഐ.ടി.ഐ കെട്ടിടത്തിന് ആവശ്യമായ മെയിന്റനൻസ് ആന്റ് റിനോവേഷൻ പ്രവൃത്തികൾക്കുള്ള 31.5/- ലക്ഷം രൂപയുടെ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ചീഫ് എഞ്ചിനീയർ പട്ടികജാതി വികസനവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. അതേ സമയം ടി ഐ.ടി.ഐ കെട്ടിടം മെയിന്റനൻസ് ചെയ്യുന്നതിനായി കോട്ടയം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്നും 15/-ലക്ഷം രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷയിന്മേൽ വ്യക്തമായ റിപ്പോർട്ട് സമർപ്പിയ്ക്കാൻ ദക്ഷിണ മേഖലാ ട്രേയിനിംഗ് ഇൻസ്പെക്ടറോട് പട്ടികജാതി വികസന വകുപ്പ ഡയറക്ടർ ആവശ്യപ്പെട്ടിരിയ്ക്കുകയാണ്. മേൽ റിപ്പോർട്ട് ലഭ്യമാകാത്തതുകൊണ്ടാണ് മധുരവേലി ഗവ.ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണ ത്തിനുള്ള എസ്റ്റിമേറ്റ് ഡയറക്ടർ ഗവണ്മെന്റിലേക്കയയ്ക്കാത്തത്. |
| ബി) ഇതു സംബന്ധിച്ച് ഉണ്ടായിരിക്കുന്ന എസ്റ്റിമേറ്റിലെ പോരായ്മ പരിഹരിക്കുന്നതിന് | (ബി) നൽകിയിട്ടുണ്ട്. ദക്ഷിണമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറോട് ആവശ്യപ്പെട്ടിരിക്കുന്ന റിപ്പോർട്ട് ലഭ്യമായാലുടൻ ഈ റിപ്പോർട്ട് സമർപ്പിയ്ക്കും. |

പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഈ റിപ്പോർട്ട് എന്ന് സമർപ്പിക്കും എന്നറിയിക്കാമോ;

| | | | |
|---|---|---|---|
| സി) | പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്ന് ഈ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയ്ക്ക് അയയ്ക്കാതെ എത്ര മാസത്തെ കാലതാമസം ഉണ്ടായി എന്ന് അറിയിക്കാമോ; ഈ എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് അയക്കാതെ പിടിച്ച് വച്ചിരിക്കുന്ന ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുമോ? | (സി) | മധുരവേലി ഐ.ടി.ഐ. കെട്ടിടനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 21/08/2015-ലാണ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചത്. എന്നാൽ ടി ഐ.ടി.ഐ. കെട്ടിടം അറ്റകുറ്റപ്പണി ചെയ്യുന്നതിനായി കോട്ടയം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്നും 15/-ലക്ഷം രൂപ അനുവദിയ്ക്കണമെന്നും ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചതുപ്രകാരം ഇക്കാര്യത്തിൽ സ്പഷ്ടീകരണം ആവശ്യമായി വരികയും ആയത് ദക്ഷിണമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറിൽ നിന്നും ലഭിക്കാത്തതു കൊണ്ടുമാണ് എസ്റ്റിമേറ്റ് സർക്കാരിലേക്കയയ്ക്കാൻ വൈകിയത്. ഇക്കാരണത്താൽ എസ്റ്റിമേറ്റ് സർക്കാരിലേക്ക് അയക്കാത്തതിന് നടപടി എടുക്കേണ്ട സാഹചര്യം ഉള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ